DESPATCHED
.19.1.1.23...

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം
തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP.1818*(2)/2020/*എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 15039/എസ്.ഐ.സി-ജി6/2020)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എം.വി. വിശ്വഭദ്രൻ,
എക്സ് ശ്രേഷ്യാ,
ഇരവുകാട് വാർഡ്, ആലപ്പുഴ – 688 002.
} ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി, വയലാർ ഗ്രാമപഞ്ചായത്ത്
   വയലാർ (പി.ഒ),
   ആലപ്പുഴ – 688 536.
2. അപ്പീൽ അധികാരി & പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
   ആലപ്പുഴ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14/10/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 13/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 18/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 22/12/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 28/12/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 28/12/2020 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 06/12/2022<br>വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എം.വി. വിശ്വഭദ്രൻ 28/12/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 28/12/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 1818(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 14/10/2020 തീയതി സമർപ്പിച്ച അപേക്ഷയ്ക്ക് 13/11/2020-ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ളത്, ടിയാന്റെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങൾ, 2008-ലെ കേരള തണ്ണീർത്തട സംരക്ഷണ നിയമങ്ങൾ, 2011-ലെ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ നോട്ടിഫിക്കേഷൻസ്, 2017 ഡിസംബർ 30-ലെ ഓർഡിനൻസ് എന്നിവയെ ആശ്രയിച്ചാണ് തീരുമാനങ്ങൾ എടുക്കുന്നതെന്നും, ഇവ ബന്ധപ്പെട്ട വെബ്സൈറ്റുകളിൽ നിന്നും ലഭ്യമാണെന്നുമാണ്. അതിബൃഹത്തായ വിവരശൃംഘലയാണ് ടിയാൻ ആവശ്യപ്പെട്ടിട്ടുള്ളതെന്നും പഞ്ചായത്ത് ജീവനക്കാരുടെ ജോലിഭാരം പരിഗണിക്കുമ്പോൾ ഇത്ര സമഗ്രമായ വിവരശേഖരണം നിലവിലെ ജീവനക്കാരെ കൊണ്ട്, മറ്റ് ജോലികൾക്ക് തടസ്സം വരാതെ ചെയ്യുക പ്രായോഗികമല്ലെന്നും, വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുവാൻ പ്രത്യേകം ജീവനക്കാരെ നിയമിച്ചിട്ടില്ലെന്നുമാണ്. കെട്ടിട നിർമ്മാണ അനുമതി ലഭിക്കുന്നതിനായി 2019 ജനുവരി ഒന്നു മുതൽ ആകെ 171 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും, കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി ലഭിക്കുന്ന അപേക്ഷകളെ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ലെന്നുമാണ്. ആകയാൽ ടിയാൻ ടി ഓഫീസിൽ നേരിട്ട് ഹാജരായി ക്രമപ്രകാരമുള്ള (ആദ്യത്തെ ഒരു മണിക്കൂർ സൗജന്യമായും പിന്നീടുള്ള ഓരോ മണിക്കൂറിനും 10 രൂപ ക്രമത്തിലും) ഫീസടച്ച് രേഖകൾ പരിശോധിക്കുകയും ആവശ്യമുള്ളവയുടെ പകർപ്പുകൾക്ക് നിശ്ചയിച്ചിട്ടുള്ള ഫീസടക്കുകയും ചെയ്യുന്ന മുറയ്ക്ക് പകർപ്പുകൾ ലഭ്യമാക്കുന്നതാണെന്നുമാണ്.

4. 18/11/2020 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 22/12/2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 30/01/2021 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ അപ്പീൽവാദി വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിലെ ക്രമനമ്പർ 5, 7 എന്നിവയിലെ വിവരങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് 10 ദിവസത്തിനകം വ്യക്തമായ മറുപടി നൽകുന്നതിനും, ക്രമ നമ്പർ 2, 3, 4, 6 എന്നിവയിലെ വിവരങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ നിയമാനുസൃതം നേരിൽ പരിശോധിക്കുന്നതിനും, ആവശ്യമുള്ള രേഖകളുടെ പകർപ്പുകൾ ഫീസീടാക്കി ശേഖരിക്കുന്നതിന് അപ്പീൽവാദിക്ക് അവസരം നൽകുന്നതിനും വയലാർ ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ-യോട് നിർദ്ദേശിച്ചു കൊണ്ട് 22/12/2020-ൽ അപ്പീൽ തീർപ്പാക്കി ഉത്തരവായിരുന്നുവെന്നും, ആയതിൻപ്രകാരം അപ്പീൽവാദിക്ക് 05/01/2021-ൽ മറുപടി നൽകിയിട്ടുള്ളതായി എസ്.പി.ഐ.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ 5, 7 , എന്നീ ചോദ്യങ്ങൾക്ക് സമയബന്ധിതമായി മറുപടി നൽകിയില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. ടി വീഴ്ച വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാകയാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാനു കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഡിസംബർ 09-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV